പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 1801

25.03.2013-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം

**ചോദ്യം**

**ശ്രീ. എസ്. ശർമ്മ**

**ഉത്തരം**

**ശ്രീ. കെ.ബാബു**

**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)**

(എ) മത്സ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളുന്നതിന് ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും, ഗുണഭോക്താക്കൾ എത്ര പേരെന്നും വ്യക്തമാക്കുമോ;

(എ) മത്സ്യത്തൊഴിലാളി കടം എഴുതിത്തള്ളുന്നതിന് ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വായ്പ എടുത്ത സ്ഥാപനം | ഗുണഭോക്താക്കളുടെ എണ്ണം | വായ്പയുടെ തുക/ഇനം |
|---|---|---|---|
| 1 | മത്സ്യഫെഡ് | 9891 | ഹഡ്കോ ഭവന നിർമ്മാണ വായ്പ 5,91,30,000/- |
| 2 | മത്സ്യഫെഡ് | 48335 | NCDC വായ്പ 13,15,15,914/- |
| 3 | മത്സ്യഫെഡ് | 9452 | NMDFC/NBCFDC 11,78,36,928/- |
| 4 | മത്സ്യഫെഡ് /ഫിഷറീസ് വകുപ്പ് | 20620 | 14,23,39,258/- |
| 5 | സഹകരണ വകുപ്പ് രജിസ്ട്രാർ | 32168 | 94,08,17,158/- |
| 6 | മത്സ്യഫെഡ് | 440 | NMDFC/NBCFDC 35,95,000/- |

(ബി) പുതുതായി എത്ര പേർക്കാണ് കടാശ്വാസം അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കടാശ്വാസത്തിനായി മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിച്ച അപേക്ഷകരിൽ അർഹരായി കാണുന്ന എല്ലാവർക്കും കടാശ്വാസം അനുവദിക്കാൻ ശുപാർശ ചെയ്യുന്നതാണ്.

(സി) കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം സർക്കാർ കടാശ്വാസ ഇനത്തിൽ തുക അനുവദിക്കാത്തത് മൂലം പലിശ, പിഴപ്പലിശ എന്നിവ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കുമോ?

(സി) കടാശ്വാസ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ